**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3098</u>** **<u>25-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പെരുവണ്ണാമൂഴി ഡാമിൽ നടപ്പിലാക്കി വരുന്ന മത്സ്യകൃഷി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടട് റിസർവോയേഴ്സ് ഓഫ് കേരള പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാമിൽ നടപ്പിലാക്കി വരുന്ന മത്സ്യകൃഷിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് ഏജൻസിയായ അഡാക്ക് മുഖാന്തിരം പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം പെരുവണ്ണാമൂഴി റിസർവോയറിൽ കൂടുമത്സ്യകൃഷി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 6x4x4 മീറ്റർ വലിപ്പമുള്ള 100 കൂടുകളാണ് പെരുവണ്ണാമൂഴിയിൽ സ്ഥാപിച്ചിട്ടുള്ളത്. പെരുവണ്ണാമൂഴി എസ്.സി./എസ്.ടി. ഫിഷർമെൻ സഹകരണ സംഘത്തിലെ 100 അംഗങ്ങളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ. പ്രസ്തുത പദ്ധതിയിൽ നിന്നും 30/05/2024 വരെ 24.49 ടൺ മത്സ്യം വില്പന നടത്തി 46.98 ലക്ഷം രൂപ വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എത്ര പേർക്ക് വരുമാനമാർഗമാകും എന്നാണ് കണക്കാക്കുന്നത്; വിശദമാക്കാമോ? | (ബി) | മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് ഏജൻസിയായ അഡാക്ക് മുഖാന്തിരം പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം പെരുവണ്ണാമൂഴി റിസർവോയറിൽ കൂടുമത്സ്യകൃഷി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 6x4x4 മീറ്റർ വലിപ്പമുള്ള 100 കൂടുകളാണ് പെരുവണ്ണാമൂഴിയിൽ സ്ഥാപിച്ചിട്ടുള്ളത്. പെരുവണ്ണാമൂഴി എസ്.സി./എസ്.ടി. ഫിഷർമെൻ സഹകരണ സംഘത്തിലെ 100 അംഗങ്ങളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ. പ്രസ്തുത പദ്ധതിയിൽ നിന്നും 30/05/2024 വരെ 24.49 ടൺ മത്സ്യം വില്പന നടത്തി 46.98 ലക്ഷം രൂപ വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ